LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 25-9-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മേൽനടപടികളുടെ ഫലം ലഭിച്ചു തുടങ്ങുന്നതേയുള്ളൂ. അതിനാൽ ബഡ്ജറ്റ് കമ്മി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന കാര്യം ഇപ്പോൾ പറയാൻ കഴിയില്ല.

വാളയാർ ചെക്ക് പോസ്റ്റിൽ വിജിലൻസ് കളക്ട് ചെയ്ത നികുതി

124 (2362) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാളയാർ ചെക്ക് പോസ്റ്റിൽ 2014 നവംബറിൽ വിജിലൻസ് കളക്ട് ചെയ്ത നികുതി എത്രയാണ് ; സാധാരണയിൽ കൂടുതൽ നികുതി വരുമാനം പ്രസ്തുത ദിവസങ്ങളിൽ ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം 2014 നവംബർ മാസം ചെക്ക് പോസ്റ്റിൽ Take over-ഉം Over Checking-ഉം നടത്തിയതുമൂലം 13.23 ലക്ഷം രൂപയുടെ നികുതി ഈടാക്കിയിട്ടുണ്ട്.